പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2941 — 17.10.2016 -ൽ മറുപടിക്ക്.

**റേഷൻ സമ്പ്രദായം**

| ചോദ്യം<br>**ശ്രീ.എൻ. ഷംസുദ്ദീൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) റേഷൻ സമ്പ്രദായം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ ; | (എ) റേഷൻ സമ്പ്രദായത്തെക്കുറിച്ച് പഠിക്കുന്നതിനായി സർക്കാർ ശ്രീമതി.നിവേദിത.പി.ഹരൻ ചെയർമാനായി 18.12.2012 ലെ സ.ഉ(കൈ) നം. 39/12/ഭ.സി.സ.വ നമ്പർ ഉത്തരവ് പ്രകാരം കമ്മീഷൻ രൂപീകരിക്കുകയും ടി കമ്മീഷൻ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുകയും ഈ റിപ്പോർട്ട് 18.04.15 ലെ സ.ഉ(എം.എസ്) നം. 16/15/ഭ.പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് |
| (ബി) റേഷൻ വ്യാപാരികൾക്ക് നൽകുന്ന നാമമാത്രമായ കമ്മീഷൻ ആണ് റേഷൻ വ്യാപാര രംഗത്തെ അഴിമതിക്ക് കാരണമെന്ന് പ്രസ്തുത പഠന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ; | (ബി) ഒരു റേഷൻ വ്യാപാരിക്ക് മാസം 6000/- രൂപ മാത്രമാണ് കമ്മീഷൻ തുകയായി ലഭിക്കുന്നത് എന്നും ആയതിനാൽ കൂടുതൽ വരുമാനം ലഭിക്കുന്നതിനായി റേഷൻ വ്യാപാരികൾ റേഷൻ സാധനങ്ങൾ തിരിമറി നടത്തുന്നതായും കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നു. |
| (സി) റേഷൻ വ്യാപരികൾക്ക് കമ്മീഷൻ കൂട്ടി നൽകിയും, പ്രതിമാസം ഒരു നിശ്ചിത വേതനം നൽകിയും ഈ രംഗത്തെ അഴിമതി ഇല്ലാതാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതോടു കൂടി, റേഷൻ വിതരണ സംവിധാനം കമ്പ്യൂട്ടർ ശൃംഖല വഴി നിയന്ത്രിക്കുവാനും അഴിമതി പൂർണ്ണമായിത്തന്നെ ഒഴിവാക്കുവാനും കഴിയും. |

സെക്ഷൻ ഓഫീസർ